# സർക്കുലർ

# ദുരിത ബാധിതർക്ക് അടിയന്തരസഹായം

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,

ശക്തമായ മഴയിലും കാറ്റിലും കേരളത്തിലെ വലിയൊരു ജനവിഭാഗം ഇന്ന് ദുഃഖദുരിതങ്ങൾകൊണ്ടും നാശനഷ്ടങ്ങൾമൂലവും വലയുകയാണ്. കുട്ടനാടൻ പ്രദേശങ്ങളും, കോട്ടയം, ചങ്ങനാശ്ശേരി മേഖലകളിലെ താഴ് പ്രദേശങ്ങളും അക്ഷരാർത്ഥത്തിൽതന്നെ അനേക ദിവസങ്ങളായി വെള്ളത്തിൽ മുങ്ങിയിരിക്കുന്നു. വീടുകളിൽ വെള്ളം കയറി സാധാരണജീവിതം അസാധ്യമായിരിക്കുന്നു. അനേകായിരങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുത്. കുട്ടനാട്ടിലെ ബോട്ടു ജട്ടികൾ പലതും അടുക്കളടെന്റുകളായി ഉപയോഗിക്കപ്പെടുന്നു. വൃദ്ധരും രോഗികളും ശിശുക്കളുമുള്ള കുടുംബങ്ങൾ കൂടുതൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. കുട്ടനാട്ടിലെ നെൽപ്പാടങ്ങൾ എല്ലാംതന്നെ മടവീണ് കൃഷിനശിച്ചു. കടമെടുത്തും മറ്റും ചെയ്ത കൃഷിപ്പണികളെല്ലാം നിഷ്ഫലമായിരിക്കുന്നു. കുട്ടനാട്ടിൽ മിക്ക ദൈവാലയങ്ങളും ഇതര സ്ഥാപനങ്ങളും വെള്ളം കയറിയ അവസ്ഥയിലാണ്. വഴികൾ വെള്ളത്താൽ മൂടപ്പെട്ടിരിക്കുതിനാൽ യാത്രയും തടസപ്പെട്ട അവസ്ഥയാണ് മിക്കയിടങ്ങളിലും. പലയിടങ്ങളിലും ഇലക്ട്രിസിറ്റിയും നിലച്ച മട്ടിലായി. വളർത്തുമൃഗങ്ങളെ സംരക്ഷിക്കുക എതും ഏറെ പ്രയാസത്തിലായി. ചുരുക്കത്തിൽ ജനജീവിതം സ്തംഭിച്ചിരിക്കുന്നു. നിർദ്ധനരും സാധാരണക്കാരും തികച്ചും നിസ്സഹായരാണ്. പരസഹായം ആവശ്യമായിരിക്കുന്ന സാഹചര്യമാണിപ്പോൾ.

സ്ഥിതിഗതികളും ഗൗരവവും മനസ്സിലാക്കി സന്നദ്ധസംഘടനകളും വ്യക്തികളുമൊക്കെ ത്യാഗബുദ്ധിയോടും ഉദാരമനസ്സോടുകൂടി സഹായഹസ്തങ്ങളായി മുന്നോട്ടു വന്നിരിക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു. അതിരൂപതയിലെ വിവിധ പ്രസ്ഥാനങ്ങൾ ഏറെ ഉത്സാഹത്തോടെ ജീവകാരുണ്യപ്രവർത്തങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. അതിരൂപതിയിലെ സാമൂഹ്യസേവന വകുപ്പായ ചാസ്സ് വെള്ളപ്പൊക്കക്കെടുതികൾ മുൻകൂട്ടികണ്ട് വേണ്ടമുൻകരുതലുകളെടുക്കുകയും ഭംഗിയായി പ്രവർത്തനങ്ങൾ എകോപിപ്പിക്കുകയും ചെയ്യുുണ്ട്. കൂടാതെ യുവദീപ്തിയും തൊഴിലാളി പ്രസ്ഥാനമായ കെ.എൽ.എം. -ഉം പ്രവാസി അപ്പസ്തോലേറ്റുമൊക്കെ സജീവമായി രംഗത്തുണ്ട്. നമ്മുടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും മാതൃകാപരമായി സഹകരിക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരമെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കാം.

ഇത്രയൊക്കെ ചെയ്യുന്നുണ്ടെങ്കിലും വെള്ളപ്പൊക്കം മൂലമുണ്ടായിട്ടുള്ള നഷ്ടം വളരെയേറെയാണ്. ഭവനങ്ങൾക്കും മറ്റും ഉണ്ടായിട്ടുള്ള കേടുപാടുകൾ വെള്ളം ഇറങ്ങിക്കഴിഞ്ഞു മാത്രമേ കണ്ടെത്താനാവൂ. വീടുകളിലെ പല സാധനങ്ങളും നഷ്ടപ്പെടുകയോ ഉപയോഗശൂന്യമാകുകയോ ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ അടിഞ്ഞു കൂടുന്നത് വലിയ പ്രശ്നമാണ്. അവ രോഗങ്ങൾക്കു കാരണമാകാം. അതിനാൽ ശുദ്ധീകരണം എത്രയുംവേഗം നടക്കേണ്ടതുണ്ട്. കൊതുകും മറ്റും പെരുകാതിരിക്കാൻ ശ്രദ്ധിക്കണം. അണുവിമുക്തമായ ശുദ്ധജലം തന്നെ ഉപയോഗിക്കാൻ ജാഗ്രത ഉണ്ടാകണം. ആരോഗ്യ സംരക്ഷണവും രോഗം വരാതിരിക്കാനുള്ള കരുതലുകളും എറെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ ഹോസ്പിറ്റലുകളും ഡോക്ടർമ്മാരും ഇക്കാര്യത്തിൽ സേവനസദ്ധരായിരിക്കണം. സർക്കാർ സംവിധാനങ്ങൾ ശക്തമായും അടിയന്തിരമായും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

അതിരൂപതാകുടുംബം മുഴുവനോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു; ദുരിതാ ശ്വാസ പ്രവർത്തനങ്ങളിൽ കഴിവനുസരിച്ച് സഹകരിക്കണമെന്നും ജൂലൈ 29-ാം തീയതി ഞായറാഴ്ച്ച എല്ലാ ഇടവകകളിലും വിശുദ്ധ കുർബാന അർപ്പിക്കുന്ന എല്ലാ ആരാ ധനാ സമൂഹങ്ങളിലും ഒരു പ്രത്യേക സ്തോത്രകാഴ്ച്ച സ്വീകരിച്ച് ഒരാഴ്ച്ചക്കകം ദുരിതാ ശ്വാസ പ്രവർത്തനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ബഹുമാ നപ്പെട്ട വികാരിയച്ചന്മാരുടെ അവസരോചിതമായ നേതൃത്വത്തിൽ പല ഇടവകകളിലും ഭക്ഷണസാധനങ്ങളും മറ്റും സമാഹരിച്ച് നൽകിയത് നന്ദിയോടെ ഓർക്കുന്നു; അതു പോലെതന്നെ പല സന്ന്യാസഭവനങ്ങളും. ഉപയോഗപ്രദമായ വസ്ത്രങ്ങളും സമാഹരിച്ച് നല്കിയാൽ ഏറെ സഹായകരമായിരിക്കും. എല്ലാറ്റിലുപരിയായി എല്ലാവരും ശക്തമായി പ്രാർത്ഥിക്കണമെന്നും പ്രതിസന്ധികളിലും കെടുതികളിലും ആത്മധൈര്യം നഷ്ടപ്പെടു ത്താതെ പരസ്പരം സഹകരിച്ചും അവയെ നേരിടാൻ ദൈവകൃപയിൽ ആശ്രയിക്കണ മെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

21/07/2018

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത